II ഇ.ബി. XIV - കേരള നിയമസഭ/XV-16

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂലൈ 01, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

46(*481) വ്യവസായ സംരംഭകരോടുള്ള സമീപനം

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ അതിവേഗം അനുമതി ലഭ്യമാക്കുന്നതിനായി ഏകജാലക ഓൺലൈൻ സംവിധാനമായ K-SWIFT നടപ്പിലാക്കിയിട്ടുണ്ടെന്നും ഏകീകൃത അപേക്ഷാഫോറം പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും 14 വകുപ്പുകളിൽ നിന്നും കാലതാമസംവിനാ ലൈസൻസ് ലഭ്യമാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പരിശോധന ഫലപ്രദവും സമയബന്ധിതവുമായി നടപ്പാക്കുന്നതിന് സംസ്ഥാന-ജില്ലാ തലങ്ങളിൽ

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, സ്വയം സാക്ഷ്യപ്പെടുത്തൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകുമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വ്യവസായ സൗഹൃദ നടപടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ഈസ് ഓഫ് ഡൂയിംങ് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്ത കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട്, 2018 പുറപ്പെടുവിക്കുകയും 150-ൽപ്പരം പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സംരംഭകർ, വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർക്കായുള്ള പരിശീലന പരിപാടികളിലൂടെ വ്യവസായ സൗഹൃദ പദ്ധതികളെക്കുറിച്ചുള്ള ലഘുലേഖകളും പ്രചരണപത്രികകളും വിതരണം ചെയ്തിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി നിലവിലുള്ളതും പുതിയതുമായ സംരംഭകർക്ക് വ്യവസായം വികസിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമുള്ള സാഹചര്യമുണ്ടാകുമെന്നും ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിച്ച് സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലാന്റ്, ലേബർ, ഇൻഫ്രാസ്ട്രക്ചർ, ഇക്കണോമിക് ക്ലൈമറ്റ്, പൊളിറ്റിക്കൽ സ്റ്റെബിലിറ്റി, ഗവേണൻസ് എന്നീ വ്യത്യസ്ത ഘടകങ്ങളെ ആസ്പദമാക്കി നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് പൊട്ടൻഷ്യൽ ഇൻഡക്സിൽ കേരളത്തിന് ആറാം സ്ഥാനവും ലാൻഡ് റെക്കോർഡ്സ് ഡിജിറ്റൈസേഷൻ, വ്യവസായ പാർക്കുകൾ എന്നിവയുടെ കാര്യത്തിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളുമാണുള്ളത്. തേഞ്ഞിപ്പാലം സ്റ്റീൽ ഫർണിച്ചർ യൂണിറ്റിന് ലൈസൻസ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ആന്തൂർ/പുനലൂർ സംഭവങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണെന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ വകുപ്പിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും കോർപ്പറേഷനുകളിൽ ഇതിനായി അദാലത്ത് സംഘടിപ്പിക്കുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വ്യക്തമാക്കി.

47(*482) <u>സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനുള്ള പരിപാടികൾ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്)

നൽകിയ മറുപടിയിൽ, സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിന്റെ ഭാഗമായി ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും വായ്പാത്തുകയുടെ ഒരു ഭാഗം ഉപയോഗപ്പെടുത്തി പലമടങ്ങ് പണം ബഡ്ജറ്റിനുപുറത്ത് സമാഹരിച്ച് മുതൽമുടക്കി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ച് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ച നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി സജ്ജമാക്കിയ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിലൂടെ 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവഴി സാമ്പത്തിക മാന്ദ്യത്തിൽ നിന്നും കരകയറാൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക വളർച്ചയുടെ നിർണ്ണായക ശക്തിയായി കെ.എഫ്.സി.യെ മാറ്റിയെടുക്കാൻ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുന:സംഘടിപ്പിച്ചുകൊണ്ടുള്ള പരിഷ്കരണങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും വായ്പാനയത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2019-20 വാർഷിക പദ്ധതിയിൽ ജീവനോപാധി വികസനത്തിനായി വകയിരുത്തിയ 4700 കോടി രൂപയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയ്ക്കായി യഥാക്രമം 230 കോടി രൂപയും 75

കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 11,000/- കോടി രൂപയുടെ പ്രളയാനന്തര പുനരധിവാസ വായ്പാപദ്ധതി ആവിഷ്കരിക്കുകയും സമഗ്ര ജീവനോപാധി പദ്ധതി തയ്യാറാക്കുന്നതിന് 250 കോടി രൂപ പ്രളയബാധിത പഞ്ചായത്തുകൾക്ക് പ്രത്യേകമായി നീക്കിവയ്ക്കുകയും നവകേരള പുന:സൃഷ്ടിക്കായി 1000 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. വ്യവസായ പാർക്കുകളിലേയ്ക്ക് കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിലുള്ള റൈസ്/റബ്ബർ പാർക്കുകൾ, തീരദേശ വികസന പ്രവർത്തനങ്ങൾ, രണ്ടാം കുട്ടനാട് പാക്കേജ് എന്നിവ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 1296 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനസൗകര്യ വികസനം, പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികൾ, സംസ്ഥാന ക്രോപ് ഇൻഷ്വറൻസ് സ്കീം, മണ്ണ്-ജല സംരക്ഷണം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ടെന്നും മൃഗപരിപാലനം, ഉൾനാടൻ മത്സ്യമേഖല, കശുവണ്ടി, കയർ, കൈത്തറി, ഖാദി ഗ്രാമവ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്നും ബേക്കൽ-കോവളം ജലപാത, തെക്കുവടക്ക് സമാന്തര റെയിൽപ്പാത എന്നിവയുടെ നിർമ്മാണത്തിന് മുൻഗണന നൽകുമെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈൻ

പ്രവാസി ചിട്ടി 2019 മേയ് മാസം മുതൽ യൂറോപ്പിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ടെന്നും താമസംവിനാ മറ്റ് രാജ്യങ്ങളിലെ മലയാളികൾക്കും ഇതിന്റെ സേവനം ലഭ്യമാക്കുമെന്നും കുടുംബശ്രീ യൂണിറ്റുകൾക്കുവേണ്ടി കെ.എസ്.എഫ്.ഇ. ചിട്ടി ആരംഭിക്കുന്നതിനെക്കുറിച്ച് കുടുംബശ്രീ മിഷനുമായി ചർച്ച നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. വനത്തിനുള്ളിൽ വീണുകിടക്കുന്ന മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നത് അപ്രായോഗികമാണെന്നും പോലീസ് സ്റ്റേഷനുകളിൽ തൊണ്ടിമുതലായി കെട്ടിക്കിടക്കുന്ന സാധനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് കോടതിയുടെ അനുമതി ആവശ്യമാണെന്നും ഇത്തരത്തിലുള്ള വാഹനങ്ങൾ നീക്കംചെയ്യാൻ നടപടി സ്വീകരിച്ചുവരികയാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി വ്യക്തമാക്കി.

48(*483) <u>സഹകരണമേഖലയിൽ ആദായ നികുതി വകുപ്പിന്റെ ഇടപെടൽ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ആദായനികുതി നിയമപ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെടുന്നതും 269 ST, 269 SS എന്നീ വകുപ്പുകൾ പ്രകാരം ഒരാൾക്ക് രൊക്കം പണമായി നൽകാവുന്നതും സ്വീകരിക്കാവുന്നതുമായ തുകയുടെ പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിബന്ധനകളും

സഹകരണ സ്ഥാപനങ്ങളുടെ സ്വതന്ത്ര ഇടപാടുകൾക്ക് തടസ്സമുണ്ടാക്കുന്നുണ്ടെന്നും 2017-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്കൊഴികെ നികുതിയിളവ് റദ്ദാക്കിയതും സഹകരണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പിന്റെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ഫയൽ ചെയ്ത അപ്പീലിന്മേലുള്ള സുപ്രീംകോടതി വിധിന്യായത്തിൽ പ്രസ്തുത വിവരം ശേഖരിക്കാനുള്ള അധികാരം ശരിവച്ചിട്ടുണ്ട്. കേന്ദ്ര നിയമമായ ഇൻകം ടാക്സ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിളവ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും പുതിയ വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വായ്പകളിലും ജപ്തികളിലും മൊറട്ടോറിയം പ്രഖ്യാപിച്ചതുവഴി വായ്പാ തിരിച്ചടവിൽ ഗണ്യമായ കുറവ് വരികയും ബാങ്കുകളുടെ NPA വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന/ജില്ലാ/അർബൻ/എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും അവയുടെ

ശാഖകളും പ്രവർത്തിച്ചുവരുന്നുണ്ടെന്നും കോർ ബാങ്കിംഗ്, എ.റ്റി.എം. ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും നബാർഡ് മുഖേന ലഭ്യമാകുന്ന കെ.സി.സി. വായ്പകൾ പുനർവായ്പയായി 7% പലിശ നിരക്കിൽ നൽകിവരുന്നുണ്ടെന്നും നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ പണം സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5260 മുതൽ 5587 വരെയുള്ള ചോദ്യങ്ങളിൽ 83 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)